**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4101** **18-07-2022 - ൽ മറുപടിയ്ക്ക്**

**കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ എം വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിലെയും കെ.എസ്.എസ്.പി. ലിമിറ്റഡിലെയും കടമെടുപ്പ് സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന് ധനകാര്യ കമ്മീഷൻ ചൂണ്ടിക്കാട്ടിയിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഇത്തരത്തിലുള്ള ഒരു പരാമർശം ധനകാര്യ കമ്മിഷൻ ചൂണ്ടിക്കാണിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതു കടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച കൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നല്കുകയും ചെയ്യതിന്റെ അടിസ്ഥാനത്തിൽ നടപ്പ സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേക്ക് 17,936 കോടി രൂപ പൊതു വിപണിയിൽ നിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം Off Budget borrowing -ആയി എടുത്തിട്ടുള്ള 14312.80 കോടി രൂപ നാല്പ തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായപകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 04/07/2022 ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയത്തിനു സമർപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ കേന്ദ്രം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടു വരികയാണെങ്കിൽ അത് സംസ്ഥാനത്തിന്റെ നേരിട്ടുള്ള കടത്തിന് (direct debt) തുല്യമാകുമെന്നും, പ്രസ്തുത സ്ഥാപനങ്ങളുടെ വായപകളുടെ തിരിച്ചടവ് സംസ്ഥാനത്തിന്റെ Gross Borrowing പരിധിയിൽ ഉൾപ്പെടുത്താതിരിക്കുന്നത് യുക്തിസഹമായിരിക്കുകയില്ലെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മാത്രവുമല്ല കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഇത്തരത്തിലുള്ള നിരീക്ഷണം സംസ്ഥാന പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും സംസ്ഥാന നിയമസഭയും വിശദമായ പരിശോധനയ്ക്ക് ശേഷം തള്ളിക്കളഞ്ഞിട്ടുണ്ട്.<br><br>ഈ വിഷയങ്ങളിലെല്ലാം തന്നെ സംസ്ഥാനത്തിന് അനുകൂലമായ നിലപാട് കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം നിരന്തരം അഭ്യർത്ഥിച്ചു വരുന്നു. കേന്ദ്ര സർക്കാർ അനുവദിച്ചു തരുന്ന വായ്പാ പരിധിക്കുള്ളിൽ നിന്ന് മാത്രമേ സംസ്ഥാന സർക്കാരിനു കടമെടുക്കാൻ കഴിയുകയുള്ളൂ. ധനഉത്തരവാദിത്ത നിയമം (എഫ്.ആർ.ബി.എം ആക്ട്) നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക അത്രയെളുപ്പമല്ലായെന്നിരുന്നാലും സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുത്താണ് സംസ്ഥാനം മുന്നോട്ട് പോകുന്നത് . |
| (ബി) | ഇപ്രകാരമുള്ള കടമെടുപ്പ് 2003-ലെ കേരള ധന ഉത്തരവാദിത്ത നിയമങ്ങളുടെ ലംഘനമാണെന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ; | (ബി) | ഇത്തരത്തിലുള്ള ഒരു പരാമർശം ധനകാര്യ കമ്മിഷൻ ചൂണ്ടിക്കാണിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതു കടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ |

ആദ്യത്തെ 9 മാസത്തേക്ക് 17,936 കോടി രൂപ പൊതു വിപണിയിൽ നിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം Off Budget borrowing -ആയി എടുത്തിട്ടുള്ള 14312.80 കോടി രൂപ നാലു തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായപകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 04/07/2022 ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയത്തിനു സമർപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ കേന്ദ്രം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടു വരികയാണെങ്കിൽ അത് സംസ്ഥാനത്തിന്റെ നേരിട്ടുള്ള കടത്തിന് (direct debt) തുല്യമാകുമെന്നും, പ്രസ്തുത സ്ഥാപനങ്ങളുടെ വായപകളുടെ തിരിച്ചടവ് സംസ്ഥാനത്തിന്റെ Gross Borrowing പരിധിയിൽ ഉൾപ്പെടുത്താതിരിക്കുന്നത് യുക്തിസഹമായിരിക്കുകയില്ലെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മാത്രവുമല്ല കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഇത്തരത്തിലുള്ള നിരീക്ഷണം സംസ്ഥാന പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും സംസ്ഥാന നിയമസഭയും വിശദമായ പരിശോധനയ്ക്ക് ശേഷം തള്ളിക്കളഞ്ഞിട്ടുണ്ട്.

ഈ വിഷയങ്ങളിലെല്ലാം തന്നെ സംസ്ഥാനത്തിന് അനുകൂലമായ നിലപാട് കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം നിരന്തരം അഭ്യർത്ഥിച്ചു വരുന്നു. കേന്ദ്ര സർക്കാർ അനുവദിച്ചു തരുന്ന വായ്പാ പരിധിക്കുള്ളിൽ നിന്ന് മാത്രമേ സംസ്ഥാന സർക്കാരിനു കടമെടുക്കാൻ കഴിയുകയുള്ളൂ. ധനഉത്തരവാദിത്ത നിയമം (എഫ്.ആർ.ബി.എം ആക്ട്) നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക

| | | | |
|---|---|---|---|
| | | | അത്രയെളുപ്പമല്ലായെന്നിരുന്നാലും സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുത്താണ് സംസ്ഥാനം മുന്നോട്ട് പോകുന്നത് . |
| (സി) | സംസ്ഥാന സർക്കാർ ഉടമസ്ഥതയിൽ രൂപീകരിച്ചിട്ടുള്ള കമ്പനികൾ മുഖാന്തിരം നടത്തുന്ന ബജറ്റ് ഇതര കടമെടുപ്പ് ഉൾപ്പെടെയുള്ളവ സംസ്ഥാന സർക്കാരിന്റെ ബജറ്റിലും അക്കൗണ്ടിലും ഉൾപ്പെടുത്തണമെന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നിർദ്ദേശവും ഇത് സംബന്ധിച്ച കേന്ദ്ര ധനകാര്യ കമ്മീഷൻ നിർദ്ദേശവും സംസ്ഥാന സർക്കാർ നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ഇത്തരത്തിലുള്ള ഒരു പരാമർശം ധനകാര്യ കമ്മിഷൻ ചൂണ്ടിക്കാണിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതു കടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച കൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നല്കുകയും ചെയ്യതിന്റെ അടിസ്ഥാനത്തിൽ നടപ്പ സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേക്ക് 17,936 കോടി രൂപ പൊതു വിപണിയിൽ നിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം Off Budget borrowing - ആയി എടുത്തിട്ടുള്ള 14312.80 കോടി രൂപ നാലു തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായപകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 04/07/2022 ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയത്തിനു സമർപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ കേന്ദ്രം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടു വരികയാണെങ്കിൽ അത് സംസ്ഥാനത്തിന്റെ നേരിട്ടുള്ള കടത്തിന് (direct debt) തുല്യമാകുമെന്നും, പ്രസ്തുത സ്ഥാപനങ്ങളുടെ വായപകളുടെ തിരിച്ചടവ് സംസ്ഥാനത്തിന്റെ Gross Borrowing പരിധിയിൽ ഉൾപ്പെടുത്താതിരിക്കുന്നത് |

| | | | |
|---|---|---|---|
| | | | യുക്തിസഹമായിരിക്കുകയില്ലെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മാത്രവുമല്ല കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഇത്തരത്തിലുള്ള നിരീക്ഷണം സംസ്ഥാന പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും സംസ്ഥാന നിയമസഭയും വിശദമായ പരിശോധനയ്ക്ക് ശേഷം തള്ളിക്കളഞ്ഞിട്ടുണ്ട്.<br><br>ഈ വിഷയങ്ങളിലെല്ലാം തന്നെ സംസ്ഥാനത്തിന് അനുകൂലമായ നിലപാട് കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം നിരന്തരം അഭ്യർത്ഥിച്ച വരുന്നു. കേന്ദ്ര സർക്കാർ അനുവദിച്ച തരുന്ന വായ്പാ പരിധിക്കുള്ളിൽ നിന്ന് മാത്രമേ സംസ്ഥാന സർക്കാരിനു കടമെടുക്കാൻ കഴിയുകയുള്ളൂ. ധനഉത്തരവാദിത്ത നിയമം (എഫ്.ആർ.ബി.എം ആക്ട്) നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക അത്രയെളുപ്പമല്ലായെന്നിരുന്നാലും സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുത്താണ് സംസ്ഥാനം മുന്നോട്ട് പോകുന്നത് . |

സെക്ഷൻ ഓഫീസർ